## സൂറ-10

# യൂനുസ്

۞ وَيَسْتَنۢبِـُٔونَكَ أَحَقٌّ هُوَ ۖ قُلْ إِى وَرَبِّىٓ إِنَّهُۥ لَحَقٌّ ۖ وَمَآ أَنتُم بِمُعْجِزِينَ ﴿٥٣﴾

وَلَوْ أَنَّ لِكُلِّ نَفْسٍ ظَلَمَتْ مَا فِى ٱلْأَرْضِ لَٱفْتَدَتْ بِهِۦ ۗ وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا
رَأَوُا۟ ٱلْعَذَابَ ۖ وَقُضِىَ بَيْنَهُم بِٱلْقِسْطِ ۚ وَهُمْ لَا يُظْلَمُونَ ﴿٥٤﴾

أَلَآ إِنَّ لِلَّهِ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ أَلَآ إِنَّ وَعْدَ ٱللَّهِ حَقٌّ وَلَـٰكِنَّ أَكْثَرَهُمْ
لَا يَعْلَمُونَ ﴿٥٥﴾

هُوَ يُحْىِۦ وَيُمِيتُ وَإِلَيْهِ تُرْجَعُونَ ﴿٥٦﴾

**53** ഇപ്പറയുന്നത് സത്യം തന്നെയോ എന്ന് നിന്നോടവർ ചോദിക്കുന്നു. പറയുക: അതെ, എന്റെ നാഥനാണ, തീർച്ചയായും ഇതൊക്കെയും സത്യം തന്നെയാകുന്നു. നിങ്ങൾക്കതൊന്നും ഒരിക്കലും തടയാനാവില്ല.

**54** അധർമമനുവർത്തിച്ച ഓരോ മനുഷ്യന്റെയും കൈവശം ഭൂമിയിലുള്ള വിഭവങ്ങളൊക്കെയുമുണ്ടെങ്കിൽ ആ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന് അതൊക്കെയും പിഴയൊടുക്കാൻ അവൻ തയാറാകും. പക്ഷേ, ശിക്ഷയെ നേരിൽ കാണുമ്പോൾ നെടും ഖേദം ഉള്ളിലൊളിപ്പിക്കാനേ അവർക്കു കഴിയൂ. അവർക്കിടയിൽ സമ്പൂർണനീതി വിധിക്കപ്പെട്ടിരിക്കുന്നു. ആരും അക്രമിക്കപ്പെടുന്നതല്ല.

**55** അറിയുവിൻ, ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്റേതാകുന്നു. കേൾക്കുവിൻ, അല്ലാഹുവിന്റെ വാഗ്ദാനം തികച്ചും സത്യമാകുന്നു. പക്ഷേ, അധികജനവും അറിയുന്നില്ല.

**56** അവനാകുന്നു ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുന്നതുമാകുന്നു.

وَيَسْتَنۢبِـُٔونَكَ = നിന്നോട് അവർ ചോദിക്കുന്നു أَحَقٌّ = സത്യ(ം തന്നെയോ)മോ هُوَ = അത് (ഇപ്പറയുന്നത്) قُلْ = നീ പറയുക
إِى = അതെ وَرَبِّىٓ = എന്റെ നാഥനാണ إِنَّهُۥ = തീർച്ചയായും അത് (ഇതൊക്കെയും) لَحَقٌّ = സത്യം തന്നെയാകുന്നു
وَمَآ أَنتُم = നിങ്ങൾ(ക്ക്)അല്ല بِمُعْجِزِينَ = തോൽപിക്കുന്നവർ (അതൊന്നും ഒരിക്കലും തടയാനാവില്ല)
وَلَوْ أَنَّ لِكُلِّ نَفْسٍ = ഓരോ മനുഷ്യനും(ന്റെയും കൈവശം) ഉണ്ടെങ്കിൽ ظَلَمَتْ = അക്രമം ചെയ്ത(അധർമമനുവർത്തിച്ച)
مَا فِى ٱلْأَرْضِ = ഭൂമിയിലുള്ളത്(വിഭവങ്ങൾ ഒക്കെയും)
لَٱفْتَدَتْ بِهِۦ = അത് പിഴയൊടുക്കി (ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന് അതത്രയും പിഴയൊടുക്കാൻ അവൻ തയാറാകും)
وَأَسَرُّوا۟ ٱلنَّدَامَةَ = അവർ ദുഃഖം രഹസ്യമാക്കി(നെടും ഖേദം ഉള്ളിലൊളിപ്പിക്കാനേ അവർക്കു കഴിയൂ)

അവർക്കിടയിൽ =بَيْنَهُم വിധിക്കപ്പെട്ടിരിക്കുന്നു =وَقُضِيَ ശിക്ഷയെ =ٱلْعَذَابَ അവർ(നേരിൽ)കാണുമ്പോൾ =لَمَّا رَأَوُا

അറിയുവിൻ =أَلَآ അക്രമിക്കപ്പെടുന്നതല്ല =لَا يُظْلَمُونَ അവർ (ആരും) =وَهُمْ നീതിപൂർവം, സമ്പൂർണനീതി =بِٱلْقِسْطِ

ആകാശഭൂമികളിലുള്ളത് (ഒക്കെയും) =مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ തീർച്ചയായും അല്ലാഹുവിന്നുള്ളതാകുന്നു =إِنَّ لِلَّهِ

(തികച്ചും)സത്യമാകുന്നു =حَقٌّ തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം =إِنَّ وَعْدَ ٱللَّهِ അറിയുവിൻ(കേൾക്കുവിൻ) =أَلَآ

അവൻ(ആകുന്നു) =هُوَ അവർ അറിയുന്നില്ല =لَا يَعْلَمُونَ പക്ഷേ അവരിൽ അധികവും(അധിക ജനവും) =وَلَٰكِنَّ أَكْثَرَهُمْ

നിങ്ങൾ മടക്കപ്പെടുന്നതാകുന്നു =تُرْجَعُونَ അവനിലേക്ക്(തന്നെ) =وَإِلَيْهِ മരിപ്പിക്കുന്നു(ന്നതും) =وَيُمِيتُ ജീവിപ്പിക്കുന്നു(ന്നത്) =يُحْيِۦ

**53:** നേരത്തെ 48-ാം സൂക്തത്തിൽ ഉദ്ധരിക്കപ്പെട്ട അവിശ്വാസികളുടെ مَتَىٰ هَٰذَا ٱلْوَعْدُ (എപ്പോഴാണീ ഭീഷണി പുലരുക) എന്ന ചോദ്യത്തിന്റെ മറ്റൊരു ഭാഷ്യം ഉദ്ധരിച്ചു മറുപടിപറയുകയാണീ സൂക്തം. നിഷേധത്തോടൊപ്പം പുഛവും പരിഹാസവും മുഴച്ചുനിൽക്കുന്നതാണ് 48-ാം സൂക്തത്തിലെ ചോദ്യം. ഇവിടെ ഉദ്ധരിക്കുന്ന ചോദ്യത്തിൽ നിഷേധമുണ്ടെങ്കിലും പുഛവും പരിഹാസവും അത്രത്തോളമില്ല. അവിശ്വാസികൾ പലതരക്കാരായിരുന്നു. പ്രവാചകനെ കണ്ണടച്ച് നിഷേധിക്കുകയും പുഛിച്ചുതള്ളുകയും ചെയ്യുന്നവരായിരുന്നു ഒരുവിഭാഗം. അവരുടേതാണ് ആദ്യത്തെ ചോദ്യം. നിഷേധിക്കുമ്പോൾ തന്നെ പ്രശ്നത്തെ ഗൗരവത്തിലെടുത്തു ചോദ്യം ചെയ്യുന്നവരായിരുന്നു മറ്റൊരുവിഭാഗം. അവരുടെ സംസാരത്തിൽ പരിഹാസത്തിലേറെ അന്വേഷണധ്വനി മുന്നിട്ടുനിന്നു. نبأ (വാർത്ത) എന്ന പദത്തിന്റെ إستنباء (വാർത്ത തേടൽ) എന്ന ക്രിയാ മൂലത്തിൽനിന്നുള്ള വർത്തമാന ബഹുവചന ക്രിയാരൂപമാണ് يستنبؤن. കേവലം വാർത്ത എന്നതിനപ്പുറം ഗൗരവമുള്ള അല്ലെങ്കിൽ വലിയ വാർത്ത എന്ന അർഥം കൂടിയുണ്ട് نبأ ന്. പ്രവാചകൻ ഉന്നയിക്കുന്ന ഗുരുതരമായ സംഗതികളൊക്കെ സത്യം തന്നെയോ എന്നാണവരുദ്ദേശിക്കുന്നത്. هُوَ (അത്) എന്നതുകൊണ്ടുദ്ദേശ്യം പ്രവാചകൻ പ്രബോധനം ചെയ്യുന്ന എല്ലാ കാര്യങ്ങളുമാകാം. അങ്ങനെയെങ്കിൽ മുൻ സൂക്തങ്ങൾ പരാമർശിച്ച ഉയിർത്തെഴുന്നേൽപ്, വിചാരണ, ശിക്ഷ തുടങ്ങിയ കാര്യങ്ങൾ അതിൽ പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ 'അത്' കൊണ്ടുദ്ദേശ്യം ഈ ഒടുവിൽ സൂചിപ്പിച്ച കാര്യങ്ങൾ മാത്രവുമാകാം. نعم (അതെ) എന്ന പദത്തിന്റെ പര്യായമാണ് إِي. ചോദ്യത്തിനുള്ള ഉത്തരം ആണയിട്ടു പറയുമ്പോൾ മാത്രമേ نعم ന്റെ സ്ഥാനത്ത് إِي ഉപയോഗിക്കാറുള്ളൂ. അതായത്, إِي യുടെ ശേഷം ഒരു സത്യം -قسم- ഉണ്ടായിരിക്കണം.

'ഇതു സത്യമോ?' എന്ന അവരുടെ ചോദ്യത്തിന് സാധാരണ ഗതിയിൽ 'അതെ, ഇതു സത്യമാണ്' -نعم هو حق- എന്നു മറുപടി പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ 'സത്യമാണ്' എന്നതിനെ മൂന്നുവിധത്തിൽ ഉറപ്പിച്ചു (تأكيد ചെയ്ത്) കൊണ്ടാണ് ഇവിടെ മറുപടി പറഞ്ഞിരിക്കുന്നത്. ആദ്യം അല്ലാഹുവിൽ ആണയിടുന്നു. അനന്തരം إنه (തീർച്ചയായും) എന്നു പറയുന്നു. പിന്നെ حق ൽ, തന്നെ എന്ന അർഥത്തിലുള്ള ل ചേർത്തുകൊണ്ട് ഉറപ്പാക്കിയിരിക്കുന്നു. അവരുടെ ചോദ്യം ഉൾക്കൊള്ളുന്നത് അന്വേഷണമോ സംശയ പ്രകടനമോ അവിശ്വാസമോ അതിനൊക്കെ അപ്പുറം 'ഞങ്ങളെ വിരട്ടാൻ വേണ്ടി ഉന്നയിക്കുന്ന പൊള്ളയായ ഭീഷണികളാണോ ഇതൊക്കെ' എന്ന ആശയമായതുകൊണ്ടാണിത്.

عجزയുടെ സകർമക രൂപമായ أعجزയുടെ കർതൃപദമായ مُعجِزന്റെ ബഹുവചനമാണ് مُعْجِزِينَ. കഴിവില്ലാതായി, അസാധ്യമായി എന്നെല്ലാമാണ് عجزയുടെ ഭാഷാർഥം. പരാജയപ്പെട്ടു, അവശമായി തുടങ്ങിയ അർഥങ്ങളിലും ഇത് ഉപയോഗിക്കും. അപരനെ അവന്റെ ലക്ഷ്യം നേടാൻ കഴിവില്ലാത്തവനും പരാജിതനുമാക്കുന്നവനാണ് معجز. മനുഷ്യകഴിവിന്നതീതമായത്, അലൗകികമായത്, അത്യത്ഭുതകരമായത് തുടങ്ങിയ അർഥങ്ങളിൽ معجزة എന്നു പറയുന്നു. പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന അമാനുഷികമായ ദിവ്യാത്ഭുതമാണ് സാങ്കേതികാർഥത്തിൽ معجزة. പ്രവാചകനെ നിഷേധിക്കുകയും അദ്ദേഹത്തിന്റെ പ്രബോധനം തടയുകയും ചെയ്യുന്നതുപോലെ ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളും സംഭവിപ്പിക്കുന്നതിൽനിന്ന് അല്ലാഹുവിനെ തടയാനോ അല്ലെങ്കിൽ അതിൽ നിന്നൊക്കെ ഒഴിഞ്ഞുമാറി രക്ഷപ്പെടാനോ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല എന്നാണ് وَمَآ أَنتُم بِمُعْجِزِينَ എന്ന വാക്യത്തിന്റെ താൽപര്യം.

**54–56:** മുൻ സൂക്തത്തിൽ, അന്ത്യനാളിനെയും രക്ഷാശിക്ഷകളെയും ആർക്കും തടയാനാവില്ല എന്ന് പ്രസ്താവിച്ചതിന്റെ അനുബന്ധമാണിത്. അവിശ്വാസികൾ ഇപ്പോൾ വലിയ ധാർഷ്ട്യത്തോടെ അതിനെയൊക്കെ പരിഹസിക്കുകയും പുഛിച്ചുതള്ളുകയും ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. എന്നാൽ ആ നാൾ യാഥാർഥ്യമായി മുന്നിൽവന്നണയുമ്പോൾ അതിനെക്കുറിച്ച് അശ്രദ്ധരായി തങ്ങളോടുതന്നെ അക്രമവും അധർമവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുടെ അവസ്ഥ ഇതായിരിക്കും: പ്രപഞ്ചത്തിലെ സകല സമ്പത്തും അവരിലൊരുവന്റേതാണെങ്കിൽ, അവൻ അതുമുഴുവൻ പിഴയായി കൊടുത്ത് അന്നത്തെ ശിക്ഷാവിധിയിൽനിന്ന് രക്ഷപ്പെടാൻ നിസ്സങ്കോചം തയാറാകും. പക്ഷേ അതൊരു വ്യാമോഹമാണ്. പ്രപഞ്ചത്തിലുള്ള സമ്പത്ത് മുഴുവൻ അവന്റേതല്ല. അതിൽ വളരെ തുഛമായ ഒരംശമേ അവന്റേതായിരുന്നിട്ടുള്ളൂ, അതും വളരെ ഹ്രസ്വമായ കാലം മാത്രം. അതുതന്നെ അന്യായവും അധാർമികവുമായ മാർഗങ്ങളിലൂടെ അന്യരിൽനിന്ന് പിടിച്ചെടുത്തതായിരിക്കും. ഇനി ന്യായമായി സമ്പാദിച്ചതാണെങ്കിൽ പോലും മരണത്തോടെ അവൻ യാതൊന്നിന്റെയും ഉടമയല്ലാതായിത്തീരുന്നു. മരണാനന്തരം കൂടെപ്പോരുന്നത് കർമങ്ങൾ മാത്രമാണ്. വസ്തുവകകളുടെയെല്ലാം ഉടമസ്ഥത പിൻഗാമികളിലേക്കു മാറുന്നു. അവൻ പരലോകത്തെത്തുന്നത് വെറും കൈയോടെയാണ്. ഇനി ഈ സത്യങ്ങളെല്ലാം അവഗണിച്ചുകൊണ്ട് പ്രപഞ്ചത്തിലുള്ള സകല സമ്പത്തിന്റെയും ഉടമസ്ഥത കൈവശം വെച്ചുകൊണ്ട് തന്നെ ഒരുവൻ അല്ലാഹുവിന്റെ കോടതിയിൽ ഹാജരായി എന്നു സങ്കൽപിക്കുക. എന്നാലും പാപങ്ങൾക്കുള്ള പിഴയായി അതൊന്നും സ്വീകരിക്കാൻ പോകുന്നില്ല. സൂറ *അൽബഖറ* 48-ാം സൂക്തം അതിങ്ങനെ വ്യക്തമാക്കുന്നു.

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ مِنْهَا شَفَٰعَةٌ وَلَا
يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٤٨﴾

(യാതൊരാളും മറ്റൊരാൾക്ക് ഉപകാരപ്പെടാത്ത, ആരുടെയും ശിപാർശ സ്വീകരിക്കപ്പെടാത്ത, ആരും മോചനദ്രവ്യത്തിനു പകരം വിട്ടയക്കപ്പെടാത്ത, പാപികൾക്ക് എങ്ങുനിന്നും ഒരു സഹായവും ലഭിക്കാത്ത ആ നാളിനെ ഭയപ്പെടുവിൽ) *അൽബഖറ* 123-ാം സൂക്തത്തിലും ഇക്കാര്യം ഇതേമട്ടിൽ ആവർത്തിക്കുന്നുണ്ട്. സൂറ *ആലുഇംറാൻ* 91-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നതിങ്ങനെയാണ്:

إِنَّ ٱلَّذِينَ كَفَرُواْ وَمَاتُواْ وَهُمْ كُفَّارٌ فَلَن يُقْبَلَ مِنْ أَحَدِهِم مِّلْءُ
ٱلْأَرْضِ ذَهَبًا وَلَوِ ٱفْتَدَىٰ بِهِۦٓ ۗ

(സത്യത്തെ നിഷേധിക്കുകയും കൊടിയ ധർമധിക്കാരികളായിത്തന്നെ മരിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവരിലാരെങ്കിലും ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഭൂമി നിറയെ കനകം പ്രായശ്ചിത്തമായി നൽകിയാലും ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല).

ഒരുവൻ വിഹിതമായ മാർഗങ്ങളിലൂടെ സമ്പാദിച്ചതേ അവന്റെ സ്വത്താകൂ. അത് വിഹിതവും കൽപിക്കപ്പെട്ടതുമായ മാർഗങ്ങളിൽ ചെലവഴിക്കുകയും വേണം. ഈ രണ്ട് ചെലവിനങ്ങളും കഴിച്ച് മിച്ചമുള്ളതാണ് അവന്റെ സമ്പാദ്യം. വിഹിതമായ മാർഗത്തിലൂടെ സമ്പാദിച്ചതാണെങ്കിലും കൽപിക്കപ്പെട്ട മാർഗങ്ങളിൽ ചെലവഴിക്കാതിരുന്നാൽ അത്രയും ഭാഗം അവന്റേതല്ലാത്തതാകുന്നു. ഉദാഹരണമായി, സകാത്ത് ബാധകമാകുന്നവന്റെ ധനത്തിൽനിന്ന് സകാത്ത് വിഹിതത്തിന്റെ ഉടമസ്ഥത സകാത്തിന്റെ അവകാശികളിലേക്കു നീങ്ങുന്നു. സകാത്ത് വിഹിതം അവകാശികൾക്കു നൽകാതെ കൈവശം വെക്കുന്നവൻ അന്യന്റെ ധനം കവർന്നെടുക്കുകയാണ്. അക്രമകാരികളുടെയും അധർമകാരികളുടെയും ധനം ഏറിയകൂറും ഇങ്ങനെ അന്യായമായി സമ്പാദിച്ചതും ന്യായമായ മാർഗത്തിൽ ചെലവഴിക്കാത്തതുമായിരിക്കും. ഈ വീക്ഷണത്തിൽ നോക്കിയാൽ അക്രമികളും അധർമികളും പിഴ നൽകാൻ ശ്രമിക്കുന്നത് അന്യരിൽനിന്ന് അവിഹിതമായി തട്ടിയെടുത്ത ധനമാണ്. പിടികൂടപ്പെടുന്ന മോഷ്ടാവ് തൊണ്ടിസാധനം വിട്ടുകൊടുത്ത് ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതുപോലെയാണത്.

പരലോകശിക്ഷ യാഥാർഥ്യമായി കാണുമ്പോൾ അത്തരം വേലകളൊന്നും അല്ലാഹുവിന്റെ മുന്നിൽ വിലപ്പോവില്ല. അവിടെ അവർക്ക് രക്ഷകരോ സഹായികളോ ശിപാർശകരോ ഒന്നും ഉണ്ടാവില്ല. ഇന്ന് വിചാരണയെയും ശിക്ഷാവിധിയെയും പരിഹസിക്കുന്നവർക്ക് അന്ന് നൈരാശ്യവും നെടും ഖേദവും ഉള്ളിലൊതുക്കാനല്ലാതെ, ആരോടെങ്കിലും പങ്കിടാൻ പോലും കഴിയില്ല. وَأَسَرُّواْ ٱلنَّدَامَةَ (നെടും ഖേദം അവർ രഹസ്യമാക്കി) എന്നാണ് മൂലവാക്യം. സഹായികളോ ശിപാർശകരോ സഹപ്രവർത്തകരോ ഒന്നും ഇല്ലാത്തതിനാൽ തങ്ങളുടെ ഖേദവും നൈരാശ്യവും ആരോടും പങ്കുവെക്കാൻ പോലും കഴിയാതെ തനിയെ അനുഭവിക്കേണ്ടിവന്നു എന്നാണിതിന്റെ താൽപര്യം. എന്നാൽ തങ്ങൾക്കേർപ്പെട്ട മഹാദൗർഭാഗ്യത്തെയും പരാജയത്തെയും കുറിച്ച് അവർ തങ്ങളോടു തന്നെ വിലപിച്ചുകൊണ്ടിരിക്കും

قَدْ خَسِرَ ٱلَّذِينَ كَذَّبُواْ بِلِقَآءِ ٱللَّهِ ۖ حَتَّىٰٓ إِذَا
جَآءَتْهُمُ ٱلسَّاعَةُ بَغْتَةً قَالُواْ يَٰحَسْرَتَنَا عَلَىٰ مَا فَرَّطْنَا فِيهَا وَهُمْ
يَحْمِلُونَ أَوْزَارَهُمْ عَلَىٰ ظُهُورِهِمْ ۚ أَلَا سَآءَ مَا يَزِرُونَ ﴿٣١﴾

(അല്ലാഹുവിനെ അഭിമുഖീകരിക്കുന്നതിനെ തള്ളിപ്പറഞ്ഞവർ തീർച്ചയായും മഹാനഷ്ടത്തിലകപ്പെട്ടിരിക്കുന്നു. ആകസ്മികമായി ആ സന്ദർഭം വന്നണയുമ്പോൾ അവർ വിലപിക്കും: "ഹാ, കഷ്ടം! ഇക്കാര്യത്തിൽ എത്ര ഗുരുതരമായ വീഴ്ചയാണ് നമുക്ക് പറ്റിയത്! അപ്പോൾ അവർ തങ്ങളുടെ ഭാരം സ്വന്തം മുതുകുകളിൽ തന്നെ പേറുന്നു. അറിയുവിൻ എത്രദുഷ്ടമായ ഭാരമാണവർ പേറുന്നത്!" (*അൽ അൻആം* 31). "ഞാൻ അല്ലാഹുവിനോടുള്ള ഉത്തരവാദിത്വം അവഗണിച്ചത്, ഹാ, കഷ്ടമായിപ്പോയി! അതിനെ പുഛിച്ചുതള്ളുന്നവരുടെ ഗണത്തിലായിരുന്നുവല്ലോ ഞാൻ" (39:56) എന്നു വിലപിക്കാനിടയാകുന്നതിനു മുമ്പ് സത്യവേദത്തിലേക്കും ധർമനീതികളിലേക്കും മടങ്ങാൻ സൂറ *അസ്സുമർ* ആഹ്വാനം ചെയ്യുന്നു.

സംഭ്രമചിത്തരും ഇതികർത്തവ്യതാമൂഢരുമാകും എന്നും ചില പണ്ഡിതന്മാർ وَأَسَرُّواْ ٱلنَّدَامَةَ ക്ക് അർഥം കൽപിച്ചിരിക്കുന്നു. ദുഃഖത്തിന്റെയും നൈരാശ്യത്തിന്റെയും ഉറവിടം മനുഷ്യന്റെ അകത്തളമായതിനാലാണ് وَأَسَرُّواْ ٱلنَّدَامَةَ എന്നു പറഞ്ഞതെന്നും അവരുടെ അകത്തളം ദുഃഖനിർഭരമാകുന്നു എന്നാണ് അതിന്റെ ആശയമെന്നും അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്. ഈ അർഥങ്ങൾ തമ്മിൽ സാരാംശത്തിൽ വ്യത്യാസമൊന്നുമില്ല.

നേരത്തെ, 'അല്ലാഹു ആരോടും അനീതി ചെയ്യുന്നില്ല' എന്നു പ്രസ്താവിച്ചതിന്റെ ദൃഢീകരണമാണ് وَقُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ എന്നവാക്യം. പരലോക വിചാരണയെത്തുടർന്നുണ്ടാകുന്ന വിധിപ്രസ്താവന തികച്ചും നീതിനിഷ്ഠമായിരിക്കും. ഓരോ മനുഷ്യനും ഭൗതിക ജീവിതത്തിൽ ആർജിച്ച നന്മ തിന്മകൾ അവരുടെ മുന്നിൽ വെക്കുന്നു. ഒരു വ്യക്തിയുടെ ഒരു നന്മയും എത്ര നിസ്സാരമായാലും അവഗണിക്കപ്പെടുകയില്ല. ആരുടെ കണക്കിലും യാതൊരു തിന്മയും കൂട്ടിച്ചേർക്കുകയുമില്ല.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

(അണു അളവ് നന്മ ചെയ്യുന്നവൻ അതവിടെ കാണും. അണു അളവ് തിന്മ ചെയ്യുന്നവൻ അതും അവിടെ കാണും - 99:7,8). ഇല്ലാത്ത നന്മകളോ തിന്മകളോ ആർക്കും വകവെച്ചു കൊടുക്കുകയുമില്ല. ബഹുദൈവവിശ്വാസികൾ തങ്ങളുടെ ആരാധ്യരിലും ശിപാർശകരിലും വെച്ചു പുലർത്തിയ പ്രതീക്ഷകൾ മിഥ്യകളായിരുന്നുവെന്നും അല്ലാഹുവിന്റെ ന്യായവിചാരണയിൽ ഇടപെടാൻ കഴിയുന്ന യാതൊരു ശക്തിയുമില്ലെന്നും അവർക്കു ബോധ്യമാകുമെന്ന സൂചന കൂടി ഈ വാക്യത്തിലുണ്ട്. ■